## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4257** **12.11.2019-ൽ മറുപടിക്ക്**

## സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | ഉൽപാദനത്തിൽ ഉണ്ടാകുന്ന കുറവ് മൂലം അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ് ഷെഡിംഗോ ഏർപ്പെടുത്തേണ്ടി വരുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിലെ ഉത്പാദനത്തിനു പുറമേ, കേന്ദ്രപൂളിൽ നിന്നും ദീർഘകാലകരാറുകളിലൂടെ സംസ്ഥാനത്തിനു പുറത്തു നിന്നും, സംസ്ഥാനത്തെ സ്വതന്ത്ര ഉത്പാദകരിൽ നിന്നും വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തെ ഉപഭോഗം നിറവേറ്റുന്നത്. സംസ്ഥാനത്തെ ജല വൈദ്യുത നിലയങ്ങളുടെ ജലസംഭരണശേഷി 06.11.2019ലെ കണക്കുകൾ പ്രകാരം 79 ശതമാനം ആണ്. ഇവയുടെ ഉത്പാദനം ക്രമീകരിച്ചിട്ടാണ് വേനൽക്കാലത്തെ ഉപഭോഗം നിറവേറ്റുന്നത്.<br><br>ഇവ കൂടാതെ ബാങ്കിംഗ് സംവിധാനത്തിലൂടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി എത്തിച്ചും, ഹ്രസ്വകാല അടിസ്ഥാനത്തിൽ മത്സരാധിഷ്ഠിത ടെൻഡർ വിളിച്ചും ന്യായമായ നിരക്കിൽ വൈദ്യുതി വാങ്ങി ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനവ് നിറവേറ്റാൻ ഉള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. ഇതിനു പുറമേയുള്ള ദൈനംദിനാവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ച് മുഖേന വാങ്ങിയും വർദ്ധിച്ച ഉപഭോഗം നിറവേറ്റാമെന്ന് പ്രതീക്ഷിക്കുന്നു. അതിനാൽ അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ടി വരില്ലെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ